പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1072** **28.4.2017 ലെ മറുപടിക്ക്**

## <u>ടാങ്കറുകൾക്ക് കുടിവെള്ളം</u>

| <u>ചോദ്യം</u><br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് | <u>മറുപടി</u><br>മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ) വാട്ടർ അതോറിറ്റി അതിന്റെ ഔട്ട് ലെറ്റുകൾ വഴി ടാങ്കറുകൾക്ക് കുടിവെള്ളം നല്കുന്നുണ്ടോ; | എ) ഉണ്ട്. |
| ബി) ഇതിന് ഈടാക്കുന്ന നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ: | ബി) ഇതിന് 1000 ലിറ്ററിന് 60 രൂപ എന്ന കണക്കിൽ നിരക്ക് ഈടാക്കുന്നു. |
| സി) സ്വകാര്യ ടാങ്കറുകാർ ഈ ജലം നിർമ്മാണ പ്രവർത്തനങ്ങളുൾപ്പെടെയുള്ള കുടിവെള്ള ഇതര ആവശ്യങ്ങൾക്കായി മറിച്ച് വിൽക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | സി) ഇല്ല |
| ഡി) കുടിവെള്ള ഇതര ആവശ്യങ്ങൾക്ക് തിരുവനന്തപുരം സ്വീവറേജ് ഫാമിന്റെ ട്രീറ്റ്മെന്റ് പ്ലാന്റിൽ ലഭ്യമായ വെള്ളം ശേഖരിക്കാതെ വാട്ടർ അതോറിറ്റിയുടെ കുടിവെള്ളം ചോർത്തി ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്താൻ വാട്ടർ അതോറിറ്റി എന്ത് നടപടി സ്വീകരിച്ചു എന്നത് വ്യക്തമാക്കുമോ? | ഡി) സ്വീവേജ് പ്ലാന്റിൽ നിന്നും ലഭ്യമാകുന്ന വെള്ളം റെയിൽവേ സ്റ്റേഷൻ. എയർപോർട്ട്, ആശുപത്രികൾ . മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ചെടികൾ നനയ്ക്കാനും ടോയിലറ്റ് ഫ്ലഷിംഗ്. നടപ്പാതകൾ. ട്രാക്കുകൾ, നിലം എന്നിവ കഴുകുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്. ഇത്തരത്തിലുള്ള ആവശ്യങ്ങൾക്ക് സൗജന്യമായി മുട്ടത്തറയിൽ നിന്നും ജലം ശേഖരിക്കാവുന്നതാണെന്ന് പത്ര മാധ്യമങ്ങൾ വഴിയും മറ്റും തുടർച്ചയായി പൊതുജനങ്ങളേയും ബന്ധപ്പെട്ടവരേയും അറിയിക്കുന്നുണ്ട്. ജല ദുരുപയോഗം ശ്രദ്ധയിൽപ്പെട്ട സർക്കാർ സ്ഥാപനങ്ങളിലെ മേധാവികളോട് അത് ഒഴിവാക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളാൻ ആവശ്യപ്പെട്ടിട്ടുണ്ട് . സ്വകാര്യ സ്ഥാപനങ്ങളിലെ ജല ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടതിന് പിഴ, കണക്ഷൻ വിച്ഛേദിക്കൽ തുടങ്ങിയ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ പത്രമാധ്യമങ്ങളിൽ കൂടി ജലദുരുപയോഗത്തിനെതിരെയുള്ള അറിയിപ്പുകൾ നൽകാറുണ്ട്. കുടിവെള്ള ദുരുപയോഗം തടയുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് രൂപീകരിച്ച് തുടർച്ചയായി പരിശോധനകൾ നടത്തി വരുന്നു. ആവശ്യമെങ്കിൽ പോലീസിന്റെ സഹായം തേടാറുമുണ്ട്. |

Renuka Sankar

സെക്ഷൻ ഓഫീസർ